**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. 3547** **11.12.2018 ൽ മറുപടിയ്ക്ക്**

## 'കില' ആവിഷ്കരിച്ച കർമ്മപദ്ധതികൾ

**ചോദ്യം**

**ശ്രീ. രാജു എബ്രഹാം**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. കെ. ബാബു**
**ശ്രീ. കെ. ദാസൻ**

**മറുപടി**

**ശ്രീ. എ.സി.മൊയ്തീൻ**
**(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
| --- | --- |
| എ) സംസ്ഥാനത്ത് വിവിധ മേഖല കളിൽ കാലാവസ്ഥാവ്യതിയാനം വരുത്തുന്ന മാറ്റങ്ങൾ നേരിടുന്നതിന് കില കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ കാലാവസ്ഥാ വ്യതിയാനം വരുത്തുന്ന പ്രത്യാഘാതങ്ങൾ പ്രാദേശികമായി ലഘൂകരിക്കാൻ - കാലാവസ്ഥാ വ്യതിയാനം പ്രാദേശിക കർമ്മപദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് - മൂന്ന് ഘട്ട പഠന പരമ്പര കില നടത്തുന്നുണ്ട്. അതിൽ ഒന്നാം ഘട്ട പരിശീലനം ഇപ്പോൾ കിലയിൽ നടന്നുകൊണ്ടിരിക്കുന്നു. 16.11.2017 ൽ ആരംഭിച്ച ഒന്നാംഘട്ട പരിശീലനത്തിൽ ഇതുവരെ 220 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പങ്കെടുത്തിട്ടുള്ളത്. ഈ പരിശീലനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, സെക്രട്ടറി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ (വികസനം, ക്ഷേമം, ആരോഗ്യ-വിദ്യാഭ്യാസം), വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാർ, വൈസ് ചെയർ |

പേഴ്സൺമാർ (ആരോഗ്യം, കുടിവെള്ളം, കൃഷി, വിദ്യാഭ്യാസം), 6 ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി (ബി.എം. സി) അംഗങ്ങൾ എന്നിവരാണ് പങ്കെടുക്കുന്നത്. ഒന്നാംഘട്ട പരിശീലനത്തിൽ പങ്കെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 'കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ്മപദ്ധതി' തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

ബി) ഇതിനായി മലയോരമേഖലയ്ക്കും തീരദേശമേഖലയ്ക്കുമായി പ്രത്യേകമായി പഠനവും പദ്ധതി രൂപീകരണവും നടത്തുമോ;

ബി) ആദ്യഘട്ട കാലാവസ്ഥ വ്യതിയാനം- പ്രാദേശിക കർമ്മപദ്ധതി തയ്യാറാക്കൽ എന്ന പരിശീലനത്തിൽ ഹോട്ട് സ്പോട്ട് ജില്ലകളായ വയനാട്, ഇടുക്കി, ആലപ്പുഴ, പാലക്കാട് ജില്ലകൾക്കാണ് പരിശീലനം നൽകിയിരുന്നത്. പ്രളയാനന്തരം മറ്റു ജില്ലകൾക്കും പരിശീലനം നൽകിക്കൊണ്ടിരിക്കുന്നു. മലയോരം, തീരദേശം, തണ്ണീർത്തടങ്ങൾ തുടങ്ങി വിവിധ പ്രദേശങ്ങൾക്ക് അനുസൃതമായാണ് പരിശീലന പരിപാടികൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. തീരദേശ മേഖലയ്ക്ക് 'കോസ്റ്റൽ ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച്' എന്ന പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ചൂട് കൂടിവരുന്ന പ്രദേശങ്ങളിൽ 'ഹീറ്റ് ആക്ഷൻ പ്ലാൻ' തയ്യാറാക്കുവാനും പരിശീലന പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ട്. അതുപോലെ, കാർബൺ ന്യൂട്രൽ പഞ്ചായത്തുകളാ

കാനുള്ള പരിശീലന സഹായവും തയ്യാറാക്കപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് "ചൂടിനെ നേരിടാൻ", "കാലാവസ്ഥാ വ്യതിയാനവും കാർഷിക മേഖലയും", കാലാവസ്ഥാ വ്യതിയാനവും മൃഗപരിപാലനവും" എന്നീ മൂന്ന് കൈപ്പുസ്തകങ്ങളും തയ്യാറാക്കിയിട്ടുണ്ട്.

സി) ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രസ്തുത പഠനങ്ങൾക്കാവശ്യമായ സാങ്കേതിക സഹായം നൽകുന്നത്;

സി) ക്ലൈമറ്റ് ചേഞ്ച് ഇന്നോവേഷൻ പ്രോഗ്രാം, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി (ഡിപ്പാർട്ട്മെന്റ് ഓഫ് അറ്റ്മോസ്ഫിയറിക് സയൻസ്), ഇന്ത്യൻ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം, കില -ജിയോ ഇൻഫോമാറ്റിക്സ് സെന്റർ എന്നീ സ്ഥാപനങ്ങളാണ് പഠനങ്ങൾക്കാവശ്യമായ സാങ്കേതിക സഹായം നൽകുന്നത്.

ഡി) ഏതെല്ലാം ജില്ലകളിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കുന്നതെന്നും ഇതിനായി തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും പരിശീലനം ആരംഭിച്ചിട്ടുണ്ടോ എന്നും വിശദമാക്കുമോ?

ഡി) 2017 നവംബർ 16 ന് ആദ്യഘട്ടം എന്ന നിലയിൽ ഹോട്ട് സ്പോട്ട് ജില്ലകളായ ഇടുക്കി, വയനാട്, ആലപ്പുഴ, പാലക്കാട് ജില്ലകളെ കേന്ദ്രീകരിച്ചുള്ള പരിശീലനമായിരുന്നു നടത്തിയത്. 2018 ആഗസ്റ്റിൽ പ്രളയാനന്തരം എല്ലാ ജില്ലകളിലേക്കും ഈ പരിശീലനം നൽകി തുടങ്ങിയിട്ടുണ്ട്. ഹോട്ട് സ്പോട്ട് ജില്ലകൾ കൂടാതെ തൃശ്ശൂർ, എറണാകുളം, പത്തനംതിട്ട, കോട്ടയം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ 7 ജില്ലകൾക്കുകൂടി പരിശീലനം നൽകി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപന

ങ്ങളിലെ പ്രസിഡന്റ്, സെക്രട്ടറി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ (വികസനം, ക്ഷേമം, ആരോഗ്യം-വിദ്യാഭ്യാസം), വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാർ, വൈസ് ചെയർ പേഴ്സൺമാർ (ആരോഗ്യം, കുടിവെള്ളം, കൃഷി, വിദ്യാഭ്യാസം), 6 ബി.എം.സി അംഗങ്ങൾ എന്നിവർക്കാണ് ആദ്യഘട്ട പരിശീലനം നൽകിയിരുന്നത്. ജില്ലാ തലങ്ങളിൽ വെച്ച് പുതിയതായി രൂപീകരിച്ച എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ